"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (ബി)വകുപ്പ്**

സ.ഉ.(കൈ) നം.1/2022/മ.തു.വ തീയതി,തിരുവനന്തപുരം, 15/01/2022

---

പരാമർശം:-

1. സ.ഉ(കൈ)നം.42/2007/മതുവ തീയതി 02.11.07
2. സ.ഉ(കൈ)നം.29/2008/മതുവ തീയതി 27.05.08
3. സ.ഉ(കൈ)നം.78/2008/മതുവ തീയതി 06.12.08
4. സ.ഉ(കൈ)നം.01/2009/മതുവ തീയതി 05.01.09
5. സ.ഉ(കൈ)നം.38/2009/മതുവ തീയതി 11.06.09
6. സ.ഉ(കൈ)നം.74/2009/മതുവ തീയതി 13.11.09
7. സ.ഉ(കൈ)നം.33/2010/മതുവ തീയതി 05.05.10
8. സ.ഉ(കൈ)നം.62/2010/മതുവ തീയതി 10.08.10
9. സ.ഉ(കൈ)നം.01/2011/മതുവ തീയതി 01.01.11
10. സ.ഉ(കൈ)നം.78/2011/മതുവ തീയതി 05.08.11
11. സ.ഉ(കൈ)നം.25/2012/മതുവ തീയതി 31.03.12
12. സ.ഉ(കൈ)നം.101/2012/മതുവ തീയതി 26.12.12
13. സ.ഉ(കൈ)നം.77/2013/മതുവ തീയതി 26.12.13
14. സ.ഉ(കൈ)നം.72/2014/മതുവ തീയതി 15.12.14
15. സ.ഉ(കൈ)നം.65/2015/മതുവ തീയതി 31.12.15
16. സ.ഉ(കൈ)നം.33/2016/മതുവ തീയതി 22.12.16
17. സ.ഉ(കൈ)നം.28/2017/മതുവ തീയതി 16.12.17
18. സ.ഉ(കൈ)നം.1/2019/മതുവ തീയതി 05.01.19
19. സ.ഉ(കൈ)നം.46/2019/മതുവ തീയതി 27.12.19
20. സ.ഉ(കൈ)നം.22/2020/മതുവ തീയതി 18.12.20
21. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 09/09/21 ലെ 29/ബി/18/ കെ. എസ്. എഫ്.ഡി.ആർ.സി നമ്പർ കത്ത്

**ഉത്തരവ്**

മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര സമാശ്വാസ നടപടി എന്ന നിലയ്ക്ക് അവർ സ്വകാര്യ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് നേടിയ വായ്പകളിന്മേൽ തുടങ്ങി വെച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം 6 മാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. മോറട്ടോറിയത്തിന്റെ കാലാവധി, തുടർന്ന് പരാമർശം (4) ഒഴികെ (2) മുതൽ 20 വരെ സർക്കാർ ഉത്തരവുകൾ പ്രകാരം തുടർച്ചയായി 31/12/21 വരെ ദീർഘിപ്പിക്കുകയുണ്ടായി.

2) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഇതിനകം കടാശ്വാസത്തിന് അർഹത കണ്ടെത്തി സമർപ്പിച്ച കടാശ്വാസ തുക, അപേക്ഷകർക്ക് ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ 31.12.2021 ൽ അവസാനിക്കുന്ന മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 01.01.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരാമർശം (21) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31.12.2008 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവെച്ചതോ തുടർന്നു വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01/01/2022 മുതൽ 30/6/2022 വരെ ആറു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.കെ.ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :-

സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ,

നന്തൻകോട്, തിരുവനന്തപുരം-3

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കമ്മീഷ്ണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് , പൂങ്കുന്നം പി.ഒ, തൃശ്ശൂർ

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.

രജിസ്ട്രാർ, സഹകരണ സൊസൈറ്റീസ്, തിരുവനന്തപുരം.

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, കാനറാ ബാങ്ക് ബിൽഡിംഗ്,

ധനകാര്യ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പിന്

സഹകരണ വകുപ്പ്

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിന്)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ